## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1671 — **04/12/2018 ൽ** മറുപടിക്ക്

## മങ്കടയിലെ മിൽമ സംസ്കരണശാലയ്ക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ടി.എ.അഹമ്മദ് കബീർ** | | **എ.സി.മൊയ്തീൻ**<br>**(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ) | മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മിൽമയുടെ സംസ്കരണ ശാല ആരംഭിക്കുന്നതിന് സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | എ) വിട്ടു നൽകേണ്ട ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് മലപ്പുറം ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചു വരുന്നു. |
| ബി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലാ കളക്ടർ ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ബി) ഉണ്ട്; പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) | സർക്കാർ ഉടമസ്ഥതയിലുള്ള മിൽമയ്ക്ക് സംസ്കരണശാല ആരംഭിക്കുന്നതിനായി പുറമ്പോക്ക് ഭൂമി വിട്ടുനൽകുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ? | സി) മിൽമയുടെ സംസ്കരണ ശാലയ്ക്കായി വിട്ടു നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്ന ഭൂമി, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 218-ാം വകുപ്പ് പ്രകാരം മൂർക്കനാട് ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള പുഴ പുറമ്പോക്ക് ആണ്. ആയത് വിട്ടുനൽകുന്നതിന്റെ നിയമ സാധുത നിയമ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചശേഷം ഇതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>ഭരണഭാഷ-മാതൃഭാഷ</u>

കളക്ടറേറ്റ്,മലപ്പുറം,പിൻ : 676505
ഫോൺ: 0483 2734922
ഫാക്സ്: 0483 2730010
ഇമെയിൽ:dcm.ker@nic.in

തിയ്യതി :17/11/2018

പ്രേഷകൻ

ജില്ലാ കളക്ടർ,
മലപ്പുറം

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി,
തദ്ദേശ സ്വയം ഭരണ (ആർ സി) വകുപ്പ്
തിരുവനന്തപുരം.

സർ,

വിഷയം :- മൂർക്കനാട് ഗ്രാമ പഞ്ചായത്ത്- മിൽമ ഡെയറി പ്ലാന്റിലേക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനായി കുന്തിപ്പുഴയുടെ പുറമ്പോക്ക് ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച് .

സൂചന :- 1. 02.05.18 ലെ ആർ സി 4/275/2017/ത.സ്വ.ഭ.വ നമ്പർ സർക്കാർ കത്ത്.
2. പെരിന്തൽമണ്ണ ഭൂരേഖ തഹസിൽദാറുടെ 15.09.18 ലെ ബി3-14323/17 നമ്പർ കത്ത്.

************************

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചു കൊള്ളുന്നു. മൂർക്കനാട് ഗ്രാമ പഞ്ചായത്തിൽ സ്ഥാപിക്കുന്ന മിൽമയുടെ പാൽ സംസ്കരണ ശാലയിലേക്ക് കുന്തിപ്പുഴയിൽ നിന്ന് ശുദ്ധ ജലം ലഭ്യമാക്കുന്നതിനായി പെരിന്തൽമണ്ണ താലൂക്കിലെ മൂർക്കനാട് വില്ലേജിലെ സർവ്വെ നമ്പർ 123/2 ൽപ്പെട്ട 5.6 സെന്റ് പുഴപ്പുറമ്പോക്ക് ഭൂമി മൂർക്കനാട് ഗ്രാമ പഞ്ചായത്തിന് അനുവദിക്കുന്നതിനായി പഞ്ചായത്ത് അധികൃതർ സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൻമേൽ സൂചന(1) കത്ത് പ്രകാരം റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചിരുന്നു.

സർക്കാർ നിർദ്ദേശ പ്രകാരം പെരിന്തൽമണ്ണ ഭൂരേഖ തഹസിൽദാർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ പെരിന്തൽമണ്ണ താലൂക്കിലെ മൂർക്കനാട് വില്ലേജിലെ സർവ്വെ നമ്പർ 123/2 ൽപ്പെട്ട നിർദ്ദിഷ്ട 5.6 സെന്റ് ഭൂമി കുന്തിപ്പുഴയുടെ പുറമ്പോക്ക് ഭൂമിയാണെന്നും ടി ഭൂമിയുടെ ഉടമസ്ഥാവകാശം മൂർക്കനാട് പഞ്ചായത്തിനാണെന്നും സൂചന(2) കത്ത് പ്രകാരം അറിയാൻ സാധിച്ചു. മേൽ വിവരം അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

വിശ്വാസപൂർവ്വം

ജില്ലാ കളക്ടർ

gnature valid
ally signed by
ENA
: 2 11.1 :51:02 IST
ion: